(1) കാസർഗോഡ് കുടിവെള്ള പദ്ധതിയുടെ പമ്പ് സെറ്റും മറ്റും മാറ്റി സ്ഥാപിക്കൽ-40.50 ലക്ഷം രൂപ

(2) അജനൂർ കുടിവെള്ള പദ്ധതിയുടെ പമ്പ് സെറ്റും മറ്റും മാറ്റി സ്ഥാപിക്കൽ-4.00 ലക്ഷം രൂപ

(3) പുല്ലൂർ പെരിയാ ഗ്രാമീണ കുടിവെള്ള പദ്ധതിയുടെ പമ്പ്സെറ്റും മറ്റും മാറ്റി സ്ഥാപിക്കൽ-10.00 ലക്ഷം രൂപ

(4) ഗാന്ധിപുരം കുടിവെള്ള പദ്ധതിയുടെ പമ്പ് സെറ്റും മറ്റും മാറ്റി സ്ഥാപിക്കൽ-2.50 ലക്ഷം രൂപ

കുണ്ടറ ജലവിതരണ പദ്ധതി

97 (6256) ശ്രീമതി പി. അയിഷാ പോറ്റി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുണ്ടറ ജലവിതരണ പദ്ധതിയിൽ പഴയ പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്ന പ്രവൃത്തി പൂർണ്ണമായും പൂർത്തീകരിച്ചിട്ടുണ്ടോ ?

(ബി) പ്രസ്തുത പ്രവൃത്തിയുടെ അടങ്കൽ തുക എത്രയാണ് :

(സി) പ്രസ്തുത പ്രവൃത്തിയുടെ നിർവ്വഹണം ഏറ്റെടുത്ത് നടത്തിയത് ആരാണെന്ന് വ്യക്തമാക്കുമോ :

(ഡി) പ്രസ്തുത പ്രവൃത്തിയുടെ നിർവ്വഹണം ഏറ്റെടുത്ത് നടത്തിയവർക്ക് നാളിതുവരെ എത്ര തുക നൽകിയിട്ടുണ്ട് :

(ഇ) പ്രസ്തുത പ്രവൃത്തിയുടെ നിർവ്വഹണത്തിന്റെ സാങ്കേതിക പരിശോധന പൂർത്തീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ :

ഉത്തരം

(എ) കുണ്ടറ ജലവിതരണ പദ്ധതിയിലെ പഴയ പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്ന പ്രവൃത്തി പൂർണ്ണമായും പൂർത്തീകരിച്ചിട്ടില്ല.

(ബി) പ്രസ്തുത പ്രവൃത്തിയുടെ ഇലക്ട്രിക്കൽ വർക്ക് പ്ലാന്റിന്റെ നവീകരണം എന്നിവ ഉൾപ്പെടെയുള്ള അടങ്കൽ തുക 12.66 കോടി രൂപയാണ്.

(സി) കുണ്ടറ ശുദ്ധജല വിതരണ പദ്ധതിയിലെ പഴയ പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്ന പ്രവൃത്തി 3 പാക്കേജായി തരംതിരിച്ചാണ് ക്രമീകരിച്ചിട്ടുള്ളത്. അതിൽ ഒരു പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുള്ള പണികളുടെ നിർവ്വഹണം ഏറ്റെടുത്ത് നടത്തിയത് ശ്രീ. വിനോദ് ലാൽ ലാലാസ്, തട്ടാമല, കൊല്ലം എന്ന കരാറുകാരനാണ്. മറ്റു രണ്ട് പാക്കേജുകളുടെ ടെൻഡർ നടപടികൾ ഇനിയും പൂർത്തീകരിച്ചിട്ടില്ല.

(ഡി) പ്രസ്തുത പ്രവൃത്തിയുടെ നിർവ്വഹണം ഏറ്റെടുത്ത് നടത്തിയ ശ്രീ. വിനോദ് ലാലിന് 338.25 ലക്ഷം രൂപ നാളിതുവരെ നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) പ്രസ്തുത പ്രവൃത്തിയുടെ നിർവ്വഹണത്തിന്റെ സാങ്കേതിക പരിശോധന പൂർത്തീകരിച്ച് നൽകിയിട്ടുണ്ട്.

താനൂർകൂട്ടായി കനോലി കനാലിന് കുറുകെ നടപ്പാലം

98 (6257) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പന്ത്രണ്ടാം ധനകാര്യ കമ്മീഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി താനൂർകൂട്ടായി കനോലി കനാലിന് കുറുകെ അഞ്ച് നടപ്പാലങ്ങൾ നിർമ്മിക്കാൻ ജലസേചന വകുപ്പ് തീരുമാനിച്ചിരുന്നോ;

(ബി) എങ്കിൽ ഇതിൽ ഇതിനകം എത്ര നടപ്പാലത്തിന്റെ നിർമ്മാണം പൂർത്തിയായി ;

(സി) പന്ത്രണ്ടാം ധനകാര്യ കമ്മീഷന്റെ കാലാവധി അവസാനിപ്പിച്ച സാഹചര്യത്തിൽ ശേഷിക്കുന്ന നടപ്പാലങ്ങളുടെ പ്രവൃത്തി സംബന്ധിച്ച നിലപാട് വ്യക്തമാക്കുമോ ;

(ഡി) പുതിയ കടപ്പുറം നടപ്പാലത്തിന്റെ സിവിൽ വർക്ക് ഇതിനകം പൂർത്തിയായ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) എങ്കിൽ ഇതിന്റെ ശേഷിക്കുന്ന മെക്കാനിക്കൽ വർക്ക് അടിയന്തരമായും പൂർത്തിയാക്കുന്നതിനായി എന്ത് നടപടി കൈക്കൊള്ളുമെന്ന് വ്യക്തമാക്കുമോ ;

(എഫ്) പ്രസ്തുത പ്രവൃത്തി പതിമൂന്നാം ധനകാര്യ കമ്മീഷനിൽ ഉൾപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ജി) അല്ലെങ്കിൽ മറ്റേതെങ്കിലും പദ്ധതിയിൽ ഉൾപ്പെടുത്തി താമസം കൂടാതെ നടപ്പാലങ്ങൾ പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) തീരുമാനിച്ചിരുന്നു.

(ബി) ഒരു നടപ്പാലത്തിന്റെ നിർമ്മാണം പൂർത്തിയായി.

(സി) ഫണ്ടിന്റെ ലഭ്യത അനുസരിച്ച് മേൽ നടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഇ)-(ജി) പ്രസ്തുത നടപ്പാലത്തിന്റെ മെക്കാനിക്കൽ പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനുവേണ്ടി 10.32 ലക്ഷം രൂപ വേണ്ടിവരും. ഇത് ഫണ്ടിന്റെ ലഭ്യത അനുസരിച്ചു മാത്രമേ നടപടി സ്വീകരിക്കാൻ കഴിയൂ.

LIBRARY ARCHIVES Kerala Legislative Assembly